## രാമായണസാരസർവസ്വം

കെ.ജി. പൗലോസ്

---

ലോകകല്യാണമാണ് രാമകഥയുടെ സാരാംശം. അതുകൊ് ലോകമുള്ളിടത്തോളം രാമായണം നിലനില്ക്കും. ഗിരികളും പുഴകളുമുള്ള കാലംവരെ രാമായണകഥ ലോകത്തിൽ പ്രചരിക്കുമെന്ന ആദികവിയുടെ പ്രതിജ്ഞയുടെ സാരമിതാണ്. എക്കാലത്തേയും ജനജീവിതത്തിനാവശ്യമായ കാര്യങ്ങൾ താനിതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്ന് ഭംഗ്യന്തരേണ അറിയിക്കുകയാണ് വാല്മീകി ചെയതത്.

ഈ ജനപ്രീതിക്ക് പലകാരണങ്ങളു് - കഥയുടെ ഹൃദ്യത, ലളിതമായ ആവിഷ്കരണരീതി, നാടകീയമായ അവതരണം എന്നിങ്ങനെ പലതും. എന്നാലേറ്റവും പ്രധാനപ്പെട്ടത് ശാശ്വതമായ മാനവബന്ധങ്ങൾക്ക് രാമായണം അടിത്തറയിടുന്നു എന്നതാണ്.

വേട്ടയാടി വനാന്തരങ്ങളിൽ അലഞ്ഞുനടന്ന ആദിമമനുഷ്യൻ സ്വന്തംകാര്യം മാത്രം നോക്കി കരുത്തിന്റെ ബലത്തിൽ ജീവിക്കുകയായിരുന്നു. മറ്റുള്ളവരുടെ വേദനയും കഷ്ടപാടും അവനൊരു വിഷയമായിരുന്നില്ല. സ്നേഹം, കാരുണ്യം തുടങ്ങിയ ഭാവങ്ങൾ അവനിലുാക്കിയത് ആദികവിയാണ്. താൻ ഒരു പക്ഷിയെ ഇരയ്ക്ക്വേി അമ്പെയ്ത് വീഴ്ത്തുമ്പോൾ അതിനൊരിണയുന്നെും അത് വേർപാടിൽ ദീനദീനം കരയുമെന്നും അവനെ ഓർമ്മിപ്പിച്ചത് 'മാ നിഷാദ'യാണ്. അതൊരു ശാപവാക്കല്ല; ഇരഇണബന്ധങ്ങളുടെ ആദ്യത്തെ തിരിച്ചറിവാണ്. അതുകൊുതന്നെ മാനവസംസ്കൃതിയുടെ ഒന്നാം പാഠമാണ് 'മാ നിഷാദ'.

ആദിമമനുഷ്യനിൽ കുടുംബമെന്ന സങ്കല്പമുയരുന്നത് ഈ തിരിച്ചറിവോടെയാണ്. കാമമോഹിതർക്ക് കുടുംബങ്ങളുാക്കാൻ കഴിയില്ല. ഉദ്ദാമമായ കാമനകൾ ഉപേക്ഷിച്ചാലേ ഒന്നിച്ച് കഴിയാൻ സാധിക്കൂ. ഏകപത്നീവ്രതം ഒരാദർശമാകുന്നത് ഈ പശ്ചാത്തലത്തിലാണ്. ദശരഥന് മൂന്നു ഭാര്യമാരുായിരുന്നു. അച്ഛനെ ആരാധിച്ചെങ്കിലും മകൻ ആ വഴി തുടരാൻ ആഗ്രഹിച്ചില്ല. പത്നി അടുത്തില്ലെങ്കിൽ അവളുടെ പ്രതിമ, എന്നാലും രാമതൊരാൾ വയ്യ. കുടുംബബന്ധങ്ങൾ ആരംഭിക്കുന്നതിവിടെ നിന്നാണ്. യജ്ഞത്തിൽ പങ്കാളിയാകുന്നവളാണ് പത്നി. മഹത്തായ ലക്ഷ്യം നേടാനുള്ള യജ്ഞമാണ് ജീവിതം. കാമവൃത്തിയല്ല, കാമ്യവൃത്തിയാണിവിടെ വേത്. അതാകട്ടെ നിർമ്മലദ്യുതിയാർന്ന ഒരാദർശത്തിന്റെ സാക്ഷാത്കാരമാണ്. മൃഗങ്ങളെപ്പോലെ കിടത്തെല്ലാം കവരോടെല്ലാം ഇണചേർന്ന് വികൃതകാമനകളെ സംതൃപ്തമാക്കുന്ന ശ്വവൃത്തിയിൽ നിന്ന് ഉയർന്ന് ഉദാത്തമായൊരു ധർമ്മബോധം സമൂഹത്തിന് ആദർശമാകുന്നത് ഇപ്പോഴാണ്. ഉറച്ച ഈ അടിത്തറയിലാണ് ഭാരതത്തിൽ കുടുംബസങ്കല്പം രൂപപ്പെടുന്നത്. ഇതരസ്വാധീനങ്ങളനേകമുായിട്ടും ഇന്നുമത് ശിഥിലമാകാത്തത് ഈ സമൂഹത്തിന്റെ മാതൃക ശ്രീരാമനായതുകൊാണ്.

കുടുംബജീവിതമെന്ന യജ്ഞത്തിൽ പത്നി മാത്രമല്ല പങ്കാളി; പുത്രന്മാരുാകും, സഹോദരന്മാരുാകും, മാതാപിതാക്കളും പിതാമഹന്മാരുമുാകും. അവരോടൊക്കെ എങ്ങനെ പെരുമാറണം എന്നതിനുള്ള പാഠങ്ങളും ആദികവി നല്കുന്നു്. എത്ര ഹൃദ്യമാണ് ലക്ഷ്മണനോടും ഭരതശത്രുഘ്നന്മാരോടുമുള്ള ശ്രീരാമന്റെ പെരുമാറ്റം! ഇതുപോലൊരു ജ്യേഷ്ഠനെ കിട്ടാൻ ഏതനുജനും ആഗ്രഹിച്ചുപോകും. രാമനേപ്പോലൊരു മകനെ പുല്കാൻ ആഗ്രഹിക്കാത്ത മാതാപിതാക്കളുാകുമോ? ഭ്രാതൃസ്നേഹത്തിന്റെ പ്രത്യുദാഹരണങ്ങളും വാല്മീകി നല്കുന്നു് - ബാലിയും സുഗ്രീനവും തമ്മിലും രാവണനും വിഭീഷണനും തമ്മിലുമുള്ള ബന്ധത്തിന്റെ പാരുഷ്യവും രാമലക്ഷ്മണ ബന്ധത്തിലെ സ്നിഗ്ധതയും ഒന്നിച്ച് വായിക്കുമ്പോഴേ ഈ ഭേദം മനസ്സിലാകൂ.

കുടുംബബന്ധം മാത്രമല്ല, പൗരധർമ്മവും പഠിപ്പിച്ച ആദർശഗ്രന്ഥം രാമായണമാണ്. കുടുംബങ്ങൾ ഗ്രാമങ്ങളായും സമൂഹങ്ങളായും രാഷ്ട്രങ്ങളായും പടിപടിയായി ഉയരുമ്പോൾ അനുകരണീയമായ മാതൃകകൾ അവിടെയുാകണം. ഇവിടെ വാല്മീകിയുടെ സങ്കല്പം സാധാരണക്കാരുടേതിൽ നിന്ന് വിഭിന്നമാണ്. കുടുംബം ഗ്രാമത്തിന് വേി, ഗ്രാമം രാജ്യത്തിന് വേിയും. കുടുംബബന്ധങ്ങളും

രാജ്യധർമ്മങ്ങളും തമ്മിൽ ഇടർച്ചവന്നാൽ രാജ്യത്തിന് പ്രഥമ പരിഗണന, അതുകഴിഞ്ഞ് ഗ്രാമം, അവസാനം കുടുംബം. മറിച്ചാണ് നമ്മുടെ മുൻഗണനാക്രമം. എന്നാൽ വ്യക്തിയല്ല, പൗരനാണ് വാല്മീകിക്ക് വലുത്. വ്യക്തികർമ്മത്തിന്റെ വികാസവും ഉദാത്തതയുമാണ് പൗരധർമ്മം. അതുകൊണ്ട് അച്ഛനെ വേദനിപ്പിച്ചിട്ടും ശ്രീരാമൻ മരവുരി അണിഞ്ഞത്. അച്ഛന്റെ മരണത്തിനുതന്നെ ഇതുകാരണമായേക്കാം. വ്യക്തി മരിക്കും, സ്വാഭാവികം; എന്നാൽ സത്യം മരിക്കരുത്. അത് നിത്യമാണ്, സനാതനവും. അതുയർത്തിപ്പിടിക്കുകയാണ് തന്റെ ധർമ്മം. അച്ഛനോടു മാത്രമല്ല, പത്നിയോടും ക്രൂരതയാണ് ശ്രീരാമൻ കാണിച്ചത് എന്ന് തോന്നാം. ഇരുമെയ്യാർന്നൊരു ജീവിപോലെ കഴിഞ്ഞിട്ട് ഒരപവാദത്തിന്റെ പേരിൽ പരിത്യജിച്ചു; പത്നിയെമാത്രമല്ല, പ്രജാതന്തുക്കളേയും. ഭർത്താവ് മാത്രമല്ല, പ്രജാപതിയുമാണ് താൻ. ഭർത്താവിന് കരയാം, പക്ഷേ സിംഹാസനത്തിനതിനാവില്ല. സൂര്യൻ ആകാശത്തിലുയർന്നേ നില്ക്കൂ, ആ വംശത്തിനും താഴെയ്ക്ക് പതിക്കാനാവില്ല.

വ്യക്തിബന്ധങ്ങളുടെ ദാർഢ്യം, പൗരധർമ്മത്തിന്റെ പാവനത-ഇവ രുമാണ് സംസ്കൃതിയുടെ പ്രഥമകിരണങ്ങൾ ഏറ്റുതുടങ്ങുന്ന ആദിമസമൂഹത്തിന് സ്വന്തം ജീവിതത്തിലൂടെ ശ്രീരാമൻ ഉദാഹരിച്ച് കാണിച്ചത്. ഇന്നുമിവ പ്രസക്തങ്ങളാണ്. വികാരങ്ങളല്ല, ധർമ്മബോധമാണ് സമൂഹത്തെ നയിക്കേതെന്ന പാഠമാണതിന്റെ സാരസർവസ്വം.

-----------------------------------------------------------

**ഡോ. കെ. ജി. പൗലോസ്**
*വൈസ് ചാൻസലർ*
**കേരള കലാമണ്ഡലം കല്പിത സർവകലാശാല**
വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531
ഫോൺ: 04884-263440 (ഓഫീസ്), 04884-264477 (വീട്), മൊ: 9846041205
E-mail: info@kalamandalam.org., kgpaulose@gmail.com
Website: www.kalamandalam.org.